**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. * 180** — **03.05.2017-ൽ മറുപടിക്ക്**

## സി. & എ.ജി. യുടെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ്<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. എൻ. വിജയൻ പിള്ള<br>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ | ശ്രീ. പിണറായി വിജയൻ<br>(ബഹു. മുഖ്യ മന്ത്രി) |

(എ) കേരള നെൽവയൽ നീർത്തട സംരക്ഷണ നിയമം ലംഘിച്ചുകൊണ്ട് മുൻ സർക്കാർ ഭൂമി രൂപമാറ്റം വരുത്താൻ നൽകിയ അനുമതി സംബന്ധിച്ച് സി.&എ.ജി.യുടെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശം (2017 ലെ ഒന്നാം നമ്പർ റിപ്പോർട്ട്) മുൻ സർക്കാരിനെതിരെ ഉയർന്ന അഴിമതി ആരോപണം ശരിവയ്ക്കുന്നതാണോ; എങ്കിൽ ഇതിനെ കുറിച്ച് വിശദമായ പരിശോധന നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എ) 2016 മാർച്ചിലവസാനിച്ച സി.&എ.ജി യുടെ റവന്യൂ സെക്ടർ ഓഡിറ്റ് റിപ്പോർട്ടിലെ (2017-ലെ 1-ാം നമ്പർ റിപ്പോർട്ട്) അധ്യായം 4-ലെ 4.5.5.4 ഖണ്ഡികയിലെ പരാമർശം, നിയമ വ്യവസ്ഥകൾ പാലിക്കാതെ ഭൂമി തരം മാറ്റുവാൻ അനുമതി നൽകിയെന്നതുമായി ബന്ധപ്പെട്ടതായിരുന്നു. പ്രസ്തുത പരാമർശിത ഖണ്ഡികയിലെ വിശദാംശങ്ങളിൽ ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് മെഡിക്കൽ കോളേജിനായി ഏറ്റെടുത്ത സ്ഥലം, കോട്ടയം ഇടനാഴി പദ്ധതി ക്കായി കോട്ടയം ടൗണിനോട് ചേർന്ന് ഏറ്റെടുത്ത സ്ഥലം, കോടിമാതാ മൊബിലിറ്റി ഹബ്ബിനായി കോട്ടയം താലൂക്കിലെ നാട്ടകം വില്ലേജിൽ നിന്നും ഏറ്റെടുത്ത സ്ഥലം തുടങ്ങിയവ പരാമർശിച്ചിരുന്നു. പ്രസ്തുത നെൽ വയൽ പ്രദേശങ്ങൾ 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 10 (2) വകുപ്പിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നികത്തുവാൻ അനുമതി നൽകിയതായാണ് ഓഡിറ്റ് പരാമർശം ഉണ്ടായിട്ടുള്ളത്. ഈ വിഷയത്തിൻമേൽ തുടർ പരിശോധന നടത്തുന്നത് സർക്കാർ തീരുമാനിക്കുന്നതാണ്.

(ബി) ഹരിപ്പാട് മെഡിക്കൽ കോളേജിനായി ഭൂമി ഏറ്റെടുക്കുന്ന കാര്യത്തിലും

(ബി) മേൽ പ്രസ്താവിച്ച സി.&എ.ജി യുടെ റിപ്പോർട്ടിലെ പരാമർശിത ഖണ്ഡികയിലെ

കോട്ടയം നഗരത്തിലെ കോട്ടയം ഇടനാഴി പദ്ധതിക്കായും കോടിമാതാ മൊബിലിറ്റി ഹബ് പദ്ധതിക്കായും ക്രമക്കേടിന് ഉത്തരവിട്ടത് മുൻ മുഖ്യമന്ത്രിയാണെന്ന് പേരെടുത്ത് പരാമർശം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ വിശദ പരിശോധന നടത്താൻ തയ്യാറാകുമോ

വിശദാംശങ്ങളിൽ ആലപ്പുഴ ജില്ലയിൽ ഹരിപ്പാട് മെഡിക്കൽ കോളേജിനായി സ്ഥലം ഏറ്റെടുക്കുന്നതിന് 2008-ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 10 (2)-ലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി അഡീഷണൽ ചീഫ് സെക്രട്ടറി, ചീഫ് സെക്രട്ടറി, മുഖ്യമന്ത്രി എന്നിവർ അനുമതി നൽകിയതായും പരാമർശിച്ചിട്ടുണ്ട്. കോട്ടയം ഇടനാഴി പദ്ധതിക്കായി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 10(2) വകുപ്പിലെ വ്യവസ്ഥകൾ പാലിക്കാതെ പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ് മന്ത്രി, മുഖ്യമന്ത്രി എന്നിവർ അനുമതി നൽകിയതായും, പ്രസ്തുത വിഷയം 07.10.2015-ലെ മന്ത്രിസഭാ തീരുമാനം 7555 നമ്പർ ഇനമായി പരിഗണിച്ച് മുഖ്യമന്ത്രി അംഗീകരിച്ചതായും പരാമർശിച്ചിട്ടുണ്ട്. കോടിമാതാ മൊബിലിറ്റി ഹബ് പദ്ധതിക്കായി നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 10(2) വകുപ്പിലെ വ്യവസ്ഥകൾ പ്രതിപാദിച്ച് പ്രിൻസിപ്പൽ സെക്രട്ടറി, ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ് മന്ത്രി എന്നിവർ അംഗീകരിച്ച ഓഫീസ് കുറിപ്പ് 8104-ാം നമ്പർ ഇനമായി 20.01.2016-ലെ മന്ത്രിസഭാ യോഗത്തിൽ നിയമ വ്യവസ്ഥകൾ പാലിക്കാതെ മുഖ്യമന്ത്രി അംഗീകരിച്ചതായും പരാമർശിക്കുന്നു. ഈ വിഷയത്തിൻ മേൽ തുടർ പരിശോധന നടത്തി സർക്കാർ തലത്തിൽ തീരുമാനമെടുക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**